**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 103** **14-03-2022 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ അറ്റകുറ്റപ്പണി റണ്ണിങ് കോൺട്രാക്ട് മുഖേന നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ അറ്റകുറ്റപ്പണി റണ്ണിങ് കോൺട്രാക്ട് മുഖേന നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021–22 സാമ്പത്തിക വർഷത്തിൽ 3054–03–337-99 എന്ന ശീർഷകത്തിൽ 245 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽ നിന്ന് റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുന്ന 143 പ്രവൃത്തികൾക്കായി 187.0542 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിലാണ്. |
| (ബി) | ഡി.എൽ.പി. ഇല്ലാത്ത റോഡുകൾ റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥയിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് മെയിന്റനൻസ് വിംഗ് ടെണ്ടർ ചെയ്തിട്ട് കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യമുണ്ടോ; വിശദമാക്കാമോ; | (ബി) | റോഡുകൾ റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥയിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് മെയിന്റനൻസ് വിംഗ് ടെണ്ടർ നടപടികൾ തുടരുകയാണ്. |
| (സി) | മെയിന്റനൻസ് വിഭാഗം ഇത്തരം പ്രവൃത്തികൾക്ക് ചുമതലപ്പെട്ടിട്ടുള്ളതിനാൽ റോഡ്സ് സെക്ഷനുകൾക്ക് അറ്റകുറ്റപ്പണികൾക്കായി പ്രൊപ്പോസൽ സമർപ്പിക്കാൻ സാധിക്കാത്ത സാഹചര്യം എപ്രകാരം നേരിടാനാണ് ഉദ്ദേശിക്കുന്നത്; | (സി) | റോഡ്സ് വിഭാഗവും മെയിന്റനൻസ് വിഭാഗവും മുഖേന അറ്റകുറ്റപ്പണികൾ നടപ്പിലാക്കി വരുന്നു. |
| (ഡി) | ഡി.എൽ.പി. ഇല്ലാത്ത റോഡുകളിൽ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്യുന്നതിന് കൂടുതൽ അംഗബലം ഏർപ്പെടുത്തി മെയിന്റനൻസ് വിംഗിനെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഇ) | മെയിന്റനൻസ് വിംഗ് പൂർണതോതിൽ പ്രവർത്തനക്ഷമമാകുന്നതുവരെ ഡി.എൽ.പി. ഇല്ലാത്ത റോഡുകളിൽ അറ്റകുറ്റപ്പണികൾക്ക് | (ഇ) | മെയിന്റനൻസ് വിംഗ് പ്രവർത്തനക്ഷമമാണ്. റണ്ണിംഗ് കോൺട്രാക്ട് പൂർണ്ണമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നുമുണ്ട്. കൂടാതെ നാഷണൽ ഹൈവേ വിഭാഗത്തിൽ നിന്നും |

| | | | |
|---|---|---|---|
| | റോഡ്സ് സെക്ഷനുകൾക്ക് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | | ജീവനക്കാരെ മെയിന്റനൻസ് വിഭാഗത്തിലേയ്ക്കും പുനർ വിന്യസിക്കുന്ന നടപടി തുടർന്നു വരുകയാണ്. |

സെക്ഷൻ ഓഫീസർ